സെക്രട്ടറി

ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത്

ഇന്റേണല് വിജിലൻസ് ഓഫീസര്

എൽ.എസ്.ജി.ഡി

സർ ,

വിഷയം- ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് സ്ഥിരം അദാലത്ത് - കെട്ടിടനിർമാണ അപേക്ഷ റിപ്പോർട്ട് ലഭ്യമാക്കുന്നത് സംബന്ധിച്ച്

സൂചന- ശ്രീ റമീസ് പുതിയേടത്ത് എന്നവരുടെ കെട്ടിട നിർമാണ അപേക്ഷ.

ചെറുവണ്ണൂർ വില്ലേജ് റീ.സ.നം 110/16,110/55 ൽപ്പെട്ട സ്ഥലത്ത് നിർമിച്ച താമസ ആവശ്യത്തിനുള്ള 164.92 ച.മീ കെട്ടിടം ക്രമവത്കരിക്കുന്നതിന് ശ്രീ റമീസ്,പുതിയേടത്ത് ചെറുവണ്ണൂർ എന്നവർ 25/2/2023ന് ഈ ഓഫീസിൽ അപേക്ഷിച്ചിട്ടുള്ളതും 27/2/2023ന് സാങ്കേതിക പരിശോധനയ്ക്ക് ഫയൽ അയക്കുകയും 18/3/2023ന് സാങ്കേതിക പരിശോധന റിപിപോർട്ട് ലഭ്യമായിട്ടുള്ളതുമാണ്. പ്രസ്തുത റിപ്പോർട്ട് പ്രകാരം ചുവടെ പറയുന്ന അപാകതകൾ റിപ്പോർട്ട് ചെയ്തിരുന്നു.

1)ടി പ്ലോട്ടിലേക്കുള്ള വഴി അന്യകൈവശ ഭൂമിയിലൂടെയാണ് കാണിച്ചത് .ആയത് വ്യക്തമാക്കേണ്ടതാണ് .

2)Demolished house നമ്പർ സൈറ്റ് പ്ലാനിൽ രേഖപെടുത്തിയതായിട്ടു കാണുന്നില്ല.

മേല് ന്യൂനതകള് അറിയിക്കുന്നതിന് 21/3/2023ന് കത്ത് തയ്യാറാക്കി ഹെഡ് ക്ലർക്ക് മുഖേന സെക്രട്ടറിയ്ക്ക് അയക്കുകയും സങ്കേതം വഴി പ്രസ്തുത ദിവസം തന്നെ ഫയൽ തിരിച്ചയച്ചിട്ടുള്ളതുമാണ്. 28/3/2023ന് സെക്രട്ടറി കത്ത് അംഗീകരിച്ചു . 10/4/2023ന് ഡെസ്പാച്ച് സെക്ഷനിൽനിന്നും കത്ത് അയച്ചു.

27/5/2023നാണ് ഫയലിലെ അപാകത പരിഹരിച്ച് പുനസമർപ്പിച്ചിട്ടുള്ളത് ആയത് പുന പരിശോധനയ്ക്കായി 27/5/2023ന് തന്നെ സാങ്കേതിക വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. 12/6/2023ന് റിപ്പോർട്ട് ഓവർസീയറില് നിന്നു ലഭ്യമായി 14/6/2023ന് ക്രമവത്കരണ ഫീ ഡിമാന്റ് തയ്യാറാക്കി ആയത് 24/6/2023ന് സെക്രട്ടറി അംഗീകരിച്ചതും ടിയാനെ അറിയിച്ചിട്ടുള്ളതുമാണ്. 19/7/2023ന് ടി അപേക്ഷകൻ ഫീ അടച്ചിട്ടുള്ളതും നിർമാണം ക്രമവത്കരിച്ചതുമാണ്. പ്രസ്തുത ഫയലിൽ കംപ്ലീഷന് സർട്ടിഫിക്കറ്റ് 8/11/2023ന് ലഭ്യമാക്കിയതിനാൽ 13/11/2023ന് നമ്പർ നൽകി ഫയല് തീർപ്പാക്കിയിട്ടുണ്ട് . എന്നീ വിവരങ്ങൾ ബോധിപ്പിക്കുന്നു.

സെക്രട്ടറി
ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത്
ചെറുവണ്ണൂർ പി.ഒ. 673524
ഫോൺ - 0496 - 2775330